മഹാപ്രളയത്തിൽ ഒലിച്ചുപോകേണ്ട ചിന്തകളും മനോഭാവങ്ങളും

മറുവശം

എം.ചന്ദ്രൻ

ഒരു മഹാപ്രളയം ഒഴിഞ്ഞതിന്റെ ആശ്വാസത്തിലാണു കേരളം. പ്രളയജലം ഒഴുകിമാറിയെങ്കിലും പ്രളയദുരന്തം അകന്നിട്ടില്ല. ലക്ഷക്കണക്കിനാളുകൾ ഇപ്പോഴും അഭയാർഥികളെപ്പോലെ ദുരിതാശ്വാസകേന്ദ്രങ്ങളിലും ബന്ധുവീടുകളിലുമാണ്. അവരുടെ മടക്കയാത്രയും പുനരധിവാസവും എളുപ്പമുള്ളതല്ല. വീടു തകർന്നവരും വീടിനു സാരമായ കേടുപാടുകൾ സംഭവിച്ചവരും വീട്ടുപകരണങ്ങൾ നഷ്ടപ്പെട്ടവരും ജീവിതത്തിലേക്ക് എങ്ങനെ തിരിച്ചുവരുമെന്ന ആശങ്കയിലാണ്. കൃഷിനാശവും വസ്തുനഷ്ടവും ജീവനോപാധികളായ പക്ഷിമൃഗാദികളുടെ നാശവും കുറച്ചൊന്നുമല്ല പാവപ്പെട്ട ജനങ്ങളെ അസ്വസ്ഥതപ്പെടുത്തുന്നത്.

പ്രകൃതിദുരന്തങ്ങൾ കേരളത്തിൽ ആദ്യമല്ല. സുനാമി, ഓഖി മുതലായ ദുരന്തങ്ങളെ കേരളം അതിജീവിച്ചിട്ടുണ്ട്. എന്നാൽ, ഇത്രയും വലിയ ഒരു ദുരന്തം കേരളചരിത്രത്തിൽ ആദ്യത്തേതാണ്. കൊല്ലവർഷം 1099 (ക്രിസ്തുവർഷം 1924) ലെ വെള്ളപ്പൊക്കമാണ് ഇതിനു മുമ്പുണ്ടായിട്ടുള്ളത്. എന്നാൽ, 2018-ലെ വെള്ളപ്പൊക്കവും അതുകൊണ്ടുവന്ന മഹാദുരിതങ്ങളും 99 -നേതിനെക്കാൾ രൂക്ഷമാണ്. 99-ൽ കേരളത്തിൽ ജനസംഖ്യ തീരെ കുറവായിരുന്നു. ഇന്നത്തേതുപോലെ പാലങ്ങളും നല്ല റോഡുകളും കെട്ടിടങ്ങളും ഫ്ളാറ്റുകളും പൊതുസ്ഥാപനങ്ങളുമൊന്നുമുണ്ടായിരുന്നില്ല. നദികളിലെ വെള്ളം ഒഴുകുന്നതിനു തടസങ്ങളുണ്ടായിരുന്നില്ല.

ഇന്നത്തേതുപോലെ അണക്കെട്ടുകൾ അന്നുണ്ടായിരുന്നില്ല. അന്നു മലയിടിക്കുകയോ കുന്നുകൾ നിരപ്പാക്കുകയോ ഭൂമിയുടെ അടിത്തറ ഇളക്കുന്ന ക്വാറികൾ പ്രവർത്തിപ്പിക്കുകയോ ചെയ്തിരുന്നില്ല. 99-ലെ വെള്ളപ്പൊക്കം അന്നു ജീവിച്ചവർക്കുപോലും കേട്ടറിവായിരുന്നു. ഇപ്പോഴുണ്ടായ മഹാപ്രളയം നേർക്കാഴ്ചയായി ചാനലുകൾ നമ്മുടെ മുമ്പിലെത്തിച്ചു. അതുകണ്ടു കേരളം വിറച്ചു. ലോകമെമ്പാടുമുള്ള മലയാളികൾ നടുങ്ങി.

കഴിഞ്ഞവർഷം ചെന്നൈ പട്ടണം മഹാപ്രളയത്തിൽ മുങ്ങിപ്പോയി. എന്നാൽ, അതു തമിഴ്നാടിനെ ആകമാനം ബാധിച്ചില്ല. കാരണം സംസ്ഥാനം വളരെ വിസ്തൃതമാണ്. തമിഴ്നാടിന്റെ വിസ്തൃതി 1,30,058 ചതുരശ്ര കിലോമീറ്ററും കർണാടകയുടേത് 1,91,976 ചതുരശ്ര കിലോമീറ്ററുമാണ്. കേരളത്തിന്റെ വിസ്തൃതി 38,863 ചതുരശ്ര കിലോമീറ്റർ മാത്രമാണ്. അറബിക്കടലിനും പശ്ചിമഘട്ടത്തിനുമിടയിൽ കിടക്കുന്ന ഒരു ചെറിയ തുണ്ടു ഭൂമിയാണു കേരളം. ഇന്ത്യൻ ഉപഭൂഖണ്ഡത്തിന്റെ 1.18 ശതമാനം മാത്രം വലിപ്പമാണു കേരളത്തിനുള്ളത്. 580 കിലോമീറ്റർ ദൈർഘ്യത്തിൽ തീരദേശമുള്ള കേരളത്തിന്റെ വീതി 35 മുതൽ 120 വരെ കിലോമീറ്റർ മാത്രമാണ്. കേരളത്തിന്റെ ഈ ഭൂപ്രകൃതി കാലാവസ്ഥയ്ക്കും കാലാവസ്ഥാ വ്യതിയാനങ്ങളിലൂടെ സംഭവിക്കുന്ന ദുരന്തങ്ങൾക്കും നിർണായകമാണ്. വലിയ എന്തു ദുരന്തമുണ്ടായാലും അത് എല്ലാ കേരളീയരെയും ബാധിക്കുന്നു.

കേരളത്തിൽ 44 നദികളും 42 അണക്കെട്ടുകളുമുണ്ട്. 38 അണക്കെട്ടുകളുടെ ഷട്ടറുകൾ ഇത്തവണ തുറന്നു. പെയ്തിറങ്ങുന്ന കാലവർഷത്തോടൊപ്പം അണക്കെട്ടുകളിൽനിന്നു തുറന്നുവിടുന്ന ജലം കൂടി ഒഴുകിയെത്തുമ്പോൾ അതിനെ ഉൾക്കൊള്ളാനുള്ള വിസ്തൃതി കേരളത്തിനില്ല. ഉരുൾപൊട്ടിയൊഴുകിയെത്തുന്ന ജലം ദുരന്തങ്ങൾ ഇരട്ടിപ്പിക്കുന്നതിന് ഇടയാക്കുന്നു. ജലപ്രളയം വർണിക്കാനാവാത്ത നാശനഷ്ടങ്ങളുണ്ടാക്കിയെങ്കിലും അതു കേരളജനതയെ ഒന്നിപ്പിച്ചു. നന്മയുടെയും സഹകരണത്തിന്റെയും കരുതലിന്റെയും നൂറുനൂറു വാതിലുകൾ അതു തുറന്നിട്ടു. ഉദാത്തമായ മാനവികതയുടെ പാഠശാലയായി കേരളം മാറി. ജാതിയും മതവും കൊടിയുടെ നിറവുമൊന്നും നോക്കാതെ മനുഷ്യൻ മനുഷ്യത്വത്തിന്റെ കുടചൂടിനിന്നു.

ഈ മഹാപ്രളയം മനുഷ്യന്റെ നിസാരതയും നിസഹായതയും വെളിപ്പെടുത്തി. ദുരന്തമുഖങ്ങളിൽ തനിച്ചുനിൽക്കാൻ തക്ക ബലം ആർക്കുമില്ലെന്നും സഹകരിച്ചു നിന്നാൽ യാതൊന്നിനും മനുഷ്യനെ തോൽപ്പിക്കാനാവില്ലെന്നും പ്രളയാനുഭവം മനുഷ്യനെ പഠിപ്പിച്ചു. നിലനില്പിനും അതിജീവനത്തിനും വേണ്ടി കേരളീയർ കൈകോർത്ത നിമിഷങ്ങൾ കേരളചരിത്രത്തിലെതന്നെ ഏറ്റവും ധന്യമായ മുഹൂർത്തങ്ങളിലൊന്നാണ്. സമ്പന്നനും ദരിദ്രനുമെല്ലാം ഒരു കഷണം അപ്പത്തിനും ഒരുകുപ്പി വെള്ളത്തിനും വേണ്ടി കൈനീട്ടി. മനുഷ്യരെല്ലാരുമൊന്നുപോലെ എന്ന മാവേലിനാടിനെക്കുറിച്ചുള്ള സ്മരണ ദുരിതാശ്വാസകേന്ദ്രങ്ങളിൽ അനുഭവവേദ്യമായി. പരിഭവങ്ങളും പരാതികളുമില്ലാതെ പരിമിതമായ സാഹചര്യങ്ങളിൽ ക്യാമ്പിൽ ഒരുമയോടെ ജീവിച്ചു. ആഘോഷങ്ങളുടെ വർണപ്പൊലിമയില്ലാത്ത ഈ ഓണം മലയാളികളുടെ മനസിൽ മായാതെ നിൽക്കും.

മഹാപ്രളയം നാശംവിതച്ചെങ്കിലും ആ നാശത്തെ അതിജീവിക്കാൻ പോരുന്ന നന്മയുടെ നീരുറവകൾ കേരളീയരുടെ മനസിൽ ചാലുകീറിയെന്നത് എടുത്തുപറയേണ്ടിയിരിക്കുന്നു. ദുരിതനിവാരണത്തിനു കേന്ദ്ര- സംസ്ഥാന സർക്കാരുകളോടു ചേർന്നു പ്രവർത്തിച്ച സ്ഥാപനങ്ങളെയും വ്യക്തികളെയും നന്ദിയോടെ ഓർമിക്കേണ്ടതുണ്ട്. മത്സ്യത്തൊഴിലാളികളുടെ രക്ഷാപ്രവർത്തനങ്ങളെ എത്ര അഭിനന്ദിച്ചാലും അധികമാകുകയില്ല. കുടുങ്ങിക്കിടന്നവർക്കു ലൈഫ് ബോട്ടിലേക്കു പ്രവേശിക്കാൻ തന്റെ മുതുകു ചവിട്ടുപടിയാക്കിമാറ്റിയ ജൈസൽ എന്ന ചെറുപ്പക്കാരനെ ആർക്കാണു മറക്കാൻ കഴിയുക!

ജലപ്രളയം മനുഷ്യൻ വിലപ്പെട്ടതായി കരുതിവച്ചതെല്ലാം ഒഴുക്കിക്കൊണ്ടു പോയെന്നതു ശരിതന്നെ. അതോടൊപ്പം മണ്ണിലെ മനുഷ്യനു മാറ്റാനാവാത്ത എല്ലാ രാസവിഷമാലിന്യങ്ങളും അതു തുടച്ചുമാറ്റി. ഇനി എല്ലാം പുതുതായി ആരംഭിക്കേണ്ടതുണ്ട്. പുതിയ കേരളത്തിന്റെ നിർമിതിക്കുവേണ്ടി മുഖ്യമന്ത്രി ആഹ്വാനം നൽകുകയുണ്ടായി. മുഖ്യമന്ത്രിയുടെ നേതൃത്വവും ഏകോപനത്തിലെ മികവും കൃത്യമായ അവലോകനവും പ്രശംസനീയമായിരുന്നു. അതു ജനങ്ങൾക്ക് ആശ്വാസവും ആത്മവിശ്വാസവും പകർന്നു. ചികിത്സപോലും മാറ്റിവച്ചാണു മുഖ്യമന്ത്രി ദുരന്തമുഖത്തു പോരാട്ടവീര്യം കാഴ്ചവച്ചത്.

ലോകം മുഴുവൻ കേരളത്തോടു ചേർന്നുനിന്നപ്പോഴും രാജ്യത്തിനകത്തെ ചില കേന്ദ്രങ്ങളിൽനിന്നു ഭിന്നസ്വരങ്ങൾ ഉണ്ടായി. ബീഫ് കഴിക്കുന്നവർക്കു കിട്ടിയ ശിക്ഷ, ശബരിമലയിൽ സ്ത്രീപ്രവേശനത്തിനു മുറവിളികൂട്ടിയവർക്കു ദൈവം നൽകിയ മുന്നറിയിപ്പ് എന്നിങ്ങനെ അസഹിഷ്ണുതയുടെയും ശത്രുതയുടേതുമായ ചിന്തകൾ പുലമ്പുന്നവരുണ്ട്. മണ്ണിലൊഴുകിയ പ്രളയമൊക്കെ അപ്രത്യക്ഷമാകട്ടെ. പ്രളയദിനങ്ങളിൽ ചാനലുകൾ പ്രക്ഷേപിച്ച ഒന്നിപ്പിന്റെയും ഏകോപനത്തിന്റെയും ശൈലി തുടരണമെന്നു ജനം ആഗ്രഹിക്കുന്നു. മഹാപ്രളയത്തിൽ വിരിഞ്ഞ നന്മയുടെ പൂക്കൾകൊണ്ടു വരയ്ക്കുന്ന പൂക്കളത്തിനു വർണഭംഗി കൂടും.

മലയാളിയുടെ മാറുന്ന സംസ്കൃതി

ഡോ. ഡെയ്സൻ പാണേങ്ങാടൻ

വിളിപുണ്ട പ്രകൃതിയുടെ ചിത്രങ്ങൾ വച്ചുള്ള ട്രോളുകളും സെൽഫികളും പോസ്റ്റുകളും കൊണ്ടുള്ള ആറാട്ടാണു കഴിഞ്ഞ കുറേദിവസമായി സമൂഹമാധ്യമങ്ങളിൽ. നാടിന്റെ

ത് തളർത്തിയ ആയിരക്കണക്കിനു ആളുകൾ മനസ് മരവിച്ചു ദുരന്തമുഖത്തിരിപ്പുണ്ട്. ഈ ആർത്തനാദത്തിൽ ഇല്ലാതെയായിപ്പോയ ജീവനുകളും അവരെ ആശ്രയിച്ചിരുന്ന നൂറുകണക്കിനു ജീവിതങ്ങളും അവരുടെ നിർഭാഗ്യത്തിൽ ശോകമൂകമായ പ്രദേശങ്ങളുമുണ്ട്. ഇ

പക്ഷത്തിന്റെയെങ്കിലും നിലവാരത്തകർച്ച പഠനവിധേയമാക്കേണ്ടതു തന്നെയാണ്.

സംസ്ഥാനത്തെ മിക്കവാറും അണക്കെട്ടുകൾ ഇതിനകംതന്നെ തുറന്നുവിട്ടു കഴിഞ്ഞു. നദികളും പുഴകളും തോടുകളും നിറഞ്ഞുകവിഞ്ഞൊഴുകി. സംഭരണശേഷിയുടെ

ഴിയിൽപ്പെട്ടുപോയ നമ്മിൽ പലർക്കും അതിന്റെ ബാലപാഠങ്ങൾ വിവരിക്കാൻ സമയം. വേണമെന്നിരിക്കെ അരയ്ക്കൊപ്പവും തലയ്ക്കൊപ്പവും വെള്ളത്തിൽ പിഞ്ചുകുഞ്ഞുങ്ങളെയും പ്രായമായവരെയും ചുമലിലിരുത്തിയും കസേരകളിലിരുത്തിയും വെള്ളക്കെട്ടിൽ നിന്നു പുറത്തുകടന്നവർ അതേപറ്റി എത്രയേറെ പറ